# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട | 08-06-2018 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **137**

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എം.ഷാജി :<br>ശ്രീ. പി.കെ.അബ്ദു റബ്ബ് :<br>ഡോ.എം. കെ. മുനീർ :<br>ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഇരുപത്തിയഞ്ച് ശതമാനം 2017 ഒക്ടോബർ 24-ന് മുമ്പ് പൂർത്തിയാക്കണമെന്ന വ്യവസ്ഥ അദാനി ഗ്രൂപ്പ് ലംഘി ച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ ;<br><br>(ബി) എങ്കിൽ കരാർ പ്രകാരം നഷ്ടപരി ഹാരത്തിന് സർക്കാർ നോട്ടീസ് നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ;<br><br>(സി) ഈ നോട്ടീസിൻമേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടു ണ്ടെന്ന് വ്യക്തമാക്കുമോ ? | (എ) യും (ബി) യും (സി) യും<br>കൺസഷൻ കരാർ പ്രകാരം നിയമന തീയതിയിൽ നിന്നും **690**-ാം ദിവസം (രണ്ടാം നാഴികക്കല്ല് - **2017** ഒക്ടോബർ **24)** പദ്ധതി ചെലവിന്റെ **25%** തുക ചെലവഴിച്ച് കഴിഞ്ഞിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. ഈ തീയതിയിൽ **35.8%** തുക ചെലവഴിച്ചതായി അദാനി കമ്പനി അവകാശപ്പെടുന്നുണ്ടെങ്കിലും വിഴിഞ്ഞം തുറമുഖ കമ്പനിയുടെ ഇന്റേണൽ ഓഡിറ്റർമാരുടെ വിലയിരുത്തൽ പ്രകാരം **21.75%** തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നാണ് കണക്കാക്കിയിരിക്കുന്നത്. അദാനി തുറമുഖ കമ്പനി അവകാശപ്പെട്ട ചില ചെലവുകൾ കരാർ പ്രകാരമുള്ള ചെലവുകളായി കണക്കാക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് ഈ വ്യത്യാസം. തുടർന്ന്, കൺസഷൻ കരാറിലെ ഷെഡ്യൂൾ - ജി പ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ച്ച വന്നതിനാൽ അദാനി കമ്പനിയോട് 18.96 കോടി രൂപ നഷ്ടപരിഹാരം നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് പുന:പരിശോധിക്കണമെന്ന് അദാനി കമ്പനി ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**